നം. എം(4)/265844/2021/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 11/08/2021
ഫോൺ നം: 0471- 2580595
supdtm.dge@kerala.gov.in

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - കോവിഡ് 19- മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് 'PM Care for Fund' ലഭിക്കുന്നതിന് പുറമെ തുടർ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള നടപടികൾ- സംബന്ധിച്ച്.

സൂചന:- 1) Department of School Education and Literacy, Ministry of Women and Child Development ന്റെ 16/06/ 2021 ലെ D.O.No. 13-10/2021-IS-11 നമ്പർ കത്ത്.

2) ബഹു. സുപ്രീം കോടതിയുടെ SMWP(C) 4/2020 നമ്പർ റിട്ട് പെറ്റീഷനിലെ ഉത്തരവ്.

*****

കോവിഡ്- 19 മഹാമാരിമൂലം മാതാപിതാക്കൾ/മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ നഷ്ടപ്പെട്ട കുട്ടികൾക്കായി കേന്ദ്രസർക്കാർ 'PM Care for Fund' എന്ന പേരിൽ പ്രത്യേക പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത കുട്ടികൾക്ക് തുടർ വിദ്യാഭ്യാസം ഉറപ്പുവരുത്തുകയും അവരെ മാനസികമായി സാന്ത്വനിപ്പിക്കുന്നതിനുമായി Department of School Education and Literacy (DoSEL) Ministry of Education, Ministry of Women and Child Development-ന്റെ കീഴിലുള്ള പദ്ധതികളുടെ പ്രയോജനം സാധ്യമാക്കുന്നതിന് സൂചന (1) പ്രകാരം നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും നൽകുന്നു.

1) ശിശു സൗഹാർദ്ദ സംസ്ഥാനം എന്ന നിലയിൽ ഒരു വിദ്യാർത്ഥിയെക്കുറിച്ച് ഏറ്റവും കൂടുതൽ അറിയാൻ സാധിക്കുന്നത് അദ്ധ്യാപകർക്കാണ്. അതിനാൽ തന്നെ ഏതെങ്കിലും ഒരു വിദ്യാർത്ഥിയുടെ കുടുംബത്തിൽ മാതാപിതാക്കൾ/മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ കോവിഡ്-19 മൂലം മരണപ്പെട്ടിട്ടുണ്ടെങ്കിൽ ആ വിവരം അദ്ധ്യാപകർക്ക് അറിയാൻ സാധിക്കുന്നതും അത്തരം കുട്ടികളുടെ കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടതുമാണ്.

2) മാതാപിതാക്കൾ/മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ കോവിഡ്-19 മൂലം മരണപ്പെട്ടിട്ടുണ്ടെങ്കിലോ നിലവിൽ ആരും സംരക്ഷിക്കാനില്ലാതെ വരികയാണെങ്കിലോ അവരുടെ തുടർ പഠനം തടസ്സപ്പെടുന്ന സാഹചര്യമുണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥികളെക്കുറിച്ചുള്ള വിവരങ്ങൾ Child line (1098) ന് കൈമാറേണ്ടതാണ്. Child line പ്രവർത്തകർ ടി കുട്ടികളെ 24 മണിക്കൂറിനകം ശിശുസംരക്ഷണ സമിതി മുമ്പാകെ ഹാജരാക്കുകയും ചെയ്യും.

3) പ്രസ്തുത കുട്ടികളുടെ വിവരങ്ങൾ വിദ്യാഭ്യാസ ആഫീസർമാർ ജില്ലാതലത്തിൽ ക്രോഡീകരിക്കേണ്ടതും ഈ കാര്യാലയത്തിലേയ്ക്ക് അറിയിക്കേണ്ടതുമാണ്.

4) ജില്ലാവിദ്യാഭ്യാസ ആഫീസർമാർ അതാത് ജില്ലാ ശിശുസംരക്ഷണ യൂണിറ്റുമായി ചേർന്ന് പ്രസ്തുത കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുകയും, അവർക്ക് നിശ്ചിത പ്രായം വരെ തുടർ വിദ്യാഭ്യാസം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും വേണം.

5) സംസ്ഥാനത്തെ മറ്റ് സിലബസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഇത്തരം പ്രയാസങ്ങൾ നേരിടുന്നുണ്ടെങ്കിൽ അവരുടെ തുടർ വിദ്യാഭ്യാസവും വിദ്യാഭ്യാസ ആഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2) എല്ലാ ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3) എല്ലാ വി.എച്ച്.എസ്.ഇ. അസിസ്റ്റന്റ് ഡയറക്ടർമാർക്കും
4) എല്ലാ ജില്ല/ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും.
5) എല്ലാ ബി.ആർ.സി കളിലും (ജില്ലാവിദ്യാഭ്യാസ ആഫീസർമാർ മുഖേന)

To,

എല്ലാ പ്രിൻസിപ്പൽമാരും ശ്രദ്ധിക്കുക. സർക്കുലറിൽ സൂചിപ്പിച്ച പ്രകാരം കുട്ടികൾ ഉണ്ടെങ്കിൽ അത്തരം കുട്ടികളുടെ വിവരങ്ങൾ ബി ആർ സി ഓഫീസിൽ അറിയിക്കേണ്ടതാണ്.

ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ
ചെറുവത്തൂർ BRC

ചന്തേര
16/8/2021

BLOCK RESOURCE CENTRE
CHERUVATHUR, P.O. MANIYAT
Date.....................

Bijuraj V.S
Block Project Co-Ordinator
BRC Cheruvathur
P.O. Maniyat